ഇ.എം.(1) 7653/2013

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 20-4-2013
E-mail-keralarcs.coop@kerala.gov.in
Websit - www.cooperation.kerala.gov.in
Tel. No. - 0471 – 2330726.

## സർക്കുലർ നമ്പർ: 31/2013

വിഷയം- സഹകരണവകുപ്പ്- സഹകരണ സംഘം ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി നിഷ്കർച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയിൽ ഇളവനുവദിക്കുന്നത് സംബന്ധിച്ച കൂടുതൽ നിർദ്ദേശങ്ങൾ.

സൂചന- 1) 19-01-2013-ലെ ജി.ഒ. (പി) നമ്പർ 12/2013/സഹ നമ്പർ വിജ്ഞാപന പ്രകാരമുള്ള കേരള സഹകരണസംഘം (ഭേദഗതി) ചട്ടങ്ങൾ 2013.
2) സഹകരണ സംഘം രജിസ്ട്രാറുടെ 12-04-1989-ലെ 22/89-ാം നമ്പർ സർക്കുലർ.
3) സഹകരണ സംഘം രജിസ്ട്രാറുടെ 18-7-1990-ലെ 26/90-ാം നമ്പർ സർക്കുലർ.
4) സഹകരണ സംഘം രജിസ്ട്രാറുടെ 15-3-98-ലെ 7/98-ാം നമ്പർ സർക്കുലർ.

***

സഹകരണ സംഘം ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകപ്പെടേണ്ട തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും, കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 185 ഉപചട്ടം (8) പ്രകാരം ഇളവനുവാദം നൽകുന്നതിന് ചുവടെ പറയും പ്രകാരം കൂടുതൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഉദ്യോഗക്കയറ്റം നൽകപ്പെടേണ്ട തസ്തികയുടെ നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത, ബിരുദമോ അതിൽ ഉയർന്ന യോഗ്യതയോ ആണെങ്കിൽ ഇളവനുവാദം ലഭിക്കപ്പെടേണ്ട ജീവനക്കാർ ചുവടെ പരാമർശിക്കുന്ന വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതാണ്.
   i. ജെ.ഡി.സി. യോ തത്തുല്യ യോഗ്യതയോ പാസ്സായിരിക്കണം.
   ii. പോഷക വിഭാഗത്തിൽ അഞ്ച് വർഷത്തിൽ കുറയാതെയുള്ള സേവനം ഉണ്ടായിരിക്കണം.
   iii. പ്രായം 45 വയസ്സിൽ താഴെ ആകരുത്

2) ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ജീവനക്കാരന് 53 വയസ്സ് പൂർത്തിയാവുകയും ടിയാൾ ജോലി ചെയ്തു വരുന്ന പോഷകവിഭാഗത്തിൽ ടിയാളുടെ ജൂനിയറായി 20 വർഷം സേവനമുള്ളതും ബിരുദ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ ജീവനക്കാർ ഇല്ലെങ്കിൽ ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ജീവനക്കാരനെ സംബന്ധിച്ചിടത്തോളം മേൽ ഖണ്ഡിക 1-ൽ രണ്ടാമതായി വ്യവസ്ഥ ചെയ്തിട്ടുള്ള 'പോഷക വിഭാഗത്തിൽ അഞ്ച് വർഷത്തിൽ കുറയാതെയുള്ള സേവനം ഉണ്ടായിരിക്കണം' എന്ന നിബന്ധന ബാധകമല്ല.

3) സബ്സ്റ്റാഫ് വിഭാഗത്തിൽ നിന്നും ക്ലറിക്കൽ തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുമ്പോൾ സഹകരണ പരിശീലന യോഗ്യതയിൽ ഇളവ് നൽകാവുന്നതല്ല.

4) ഇളവ് അനുവാദം ലഭിക്കുന്നതിനുള്ള ന്യായമായ കാരണങ്ങളും ജീവനക്കാരന്റെ സേവന ചരിത്രവും ശിക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരവും, പെർഫോമൻസ് അപ്രൈസൽ (ജോലി വിലയിരുത്തൽ) എന്നീ കാര്യങ്ങൾ ഭരണസമിതി തീരുമാനത്തിൽ വിശദ മായി കാണിച്ചിരിക്കേണ്ടതാണ്.

5) തീരുമാന തീയതിക്ക് തൊട്ട് മുമ്പുള്ള 5 വർഷങ്ങൾക്കിടയിൽ ജീവനക്കാരന് താഴെ പറയുന്ന ഏതെങ്കിലും ശിക്ഷ നൽകിയിട്ടുണ്ടാകരുത്.

i) സഞ്ചിതമായ ഇൻക്രിമെന്റ് തടയൽ;
ii) പ്രമോഷൻ തടയൽ;
iii) അലസത മൂലമോ ഉത്തരവ് ലംഘനം മൂലമോ അല്ലാതെയോ സംഘത്തിന് വരുത്തിയ നഷ്ടം ശമ്പളത്തിൽ നിന്നും ഭാഗികമായോ പൂർണ്ണമായോ ഈടാക്കുക.;
iv) താഴ്ന്ന തസ്തികകളിലേയ്ക്ക് തരം താഴ്ത്തി നിയമിക്കുക.;

6) ഉയർന്ന തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകേണ്ട ജീവനക്കാരന്റെ പ്രാപ്തിയെ സംബന്ധിച്ച് ഭരണസമിതി ബോധ്യപ്പെടേണ്ടതാണ്.

7) മിനിസ്റ്റീരിയൽ, സൂപ്പർ വൈസറി, ചീഫ് എക്സിക്യൂട്ടീവ് എന്നീ കേഡറിലേയ്ക്ക് പ്രമോഷൻ നൽകുമ്പോൾ പരിശീലന യോഗ്യത ഒഴികെ ഓരോ പ്രാവശ്യവും വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് ലഭിക്കേണ്ടതായിട്ടുണ്ട്. ഒരു കേഡറിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും ഇളവനുവാദം വാങ്ങിയാൽ ടി കേഡറിലെ തന്നെ മറ്റു തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് വീണ്ടും ഇളവനുവാദം വാങ്ങേണ്ടതില്ല.

8) സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 15 ക്ലാസ് 1 ഉപക്ലാസ് എ യിലും, ബി യിലും ഉൾപ്പെട്ടിട്ടുള്ളതും ചുവടെ പറയുന്നതുമായ വായ്പാ സംഘങ്ങളിലെ/ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് തസ്തികയ്ക്കായി നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും, പ്രവർത്തി പരിചയത്തിൽ നിന്നും യാതൊരുവിധ സാഹചര്യത്തിലും ഇളവനുവാദം നൽകപ്പെടുന്നതല്ല.

**ഹ്രസ്വകാല/മദ്ധ്യകാല വായ്പാ സംഘങ്ങൾ–**

i) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
ii) ജില്ലാ സഹകരണ ബാങ്കുകൾ
iii) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, റീജിയണൽ ബാങ്കുകൾ, റൂറൽ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് ക്രെഡിറ്റ് സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റീസ്.

**ദീർഘകാല വായ്പാ സംഘങ്ങൾ**

i) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം.

ii) പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ

9) 'കേരള സഹകരണ സംഘം (ഭേദഗതി) ചട്ടങ്ങൾ, 2013' വിജ്ഞാപനം ചെയ്ത 19-1-2013-തീയതിയിൽ മേൽ പ്രതിപാദിച്ച വായ്പ സംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് തസ്തികയുടെ ഫീഡർ കാറ്റഗറി തസ്തികയായ അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ, ചീഫ് അക്കൗണ്ടന്റ്/ചീഫ് കാഷ്യർ എന്നീ അംഗീകൃത തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്നവർക്ക് ഖണ്ഡിക (8) പ്രകാരമുള്ള നിബന്ധന ബാധകമല്ല.

10) 'കേരള സഹകരണ സംഘം (ഭേദഗതി) ചട്ടങ്ങൾ, 2013' വിജ്ഞാപനം ചെയ്ത 19-1-2013 -തീയതിയിൽ മേൽ പ്രതിപാദിച്ച വായ്പാ സംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് തസ്തികയുടെ ഫീഡർ കാറ്റഗറി തസ്തികയായ അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ, ചീഫ് അക്കൗണ്ടന്റ്/ചീഫ് കാഷ്യർ എന്നീ അംഗീകൃത തസ്തികകളിൽ, ടി തസ്തികകളുടെ അധിക ചുമതല വഹിച്ചിരുന്നവർക്ക് ഖണ്ഡിക (9)ൽ പ്രതിപാദിച്ച പരിരക്ഷ ലഭിക്കുന്നതല്ല.

11) മേൽ നിർദ്ദേശങ്ങൾക്ക് വിധേയമായി ലഭ്യമായ അപേക്ഷകൾ മാത്രം സംഘത്തിന്റെ ഉത്തമ താല്പര്യത്തെ കരുതി വ്യക്തമായ ശുപാർശയോടും ഈ സർക്കുലർ അനബന്ധ പട്ടികയിലെ എല്ലാ ചോദ്യങ്ങൾക്കും ശരിയായി ഉത്തരം നൽകിക്കൊണ്ടും ചോദ്യാവലിയിലെ ഉത്തരങ്ങൾ ശരിയാണെന്ന് ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടറും, അസിസ്റ്റന്റ് രജിസ്ട്രാറും ജോയിന്റ് രജിസ്ട്രാറും സാക്ഷ്യപ്പെടുത്തിക്കൊണ്ടും ഈ ആഫീസിലേയ്ക്ക് സമർപ്പിക്കാവുന്നതാണ്.(ജില്ലാ സഹകരണ ബാങ്കുകൾ, അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ എന്നീ വിഭാഗത്തിൽപ്പെടുന്ന സംഘങ്ങളെ സംബന്ധിച്ചിടത്തോളം അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) ജോയിന്റ് രജിസ്ട്രാർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

12) മേൽ പ്രകാരം ലഭ്യമാകുന്ന അപേക്ഷകളിന്മേൽ സഹകരണ സംഘം ചട്ടം 185 (8) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള അധികാരം വിനിയോഗിച്ച് സഹകരണ സംഘം രജിസ്ട്രാർ നൽകുന്ന ബിരുദ വിദ്യാഭ്യാസ ഇളവനുവാദ ഉത്തരവിന് ശേഷം അപ്രകാരം ഇളവനുവാദം ലഭ്യമാകുന്ന ജീവനക്കാർക്ക് ബന്ധപ്പെട്ട ഭരണസമിതികൾ ഉദ്യോഗക്കയറ്റം അനുവദിക്കാവുന്നതാണ്.

(ഒപ്പ്)
കെ.വി. സുരേഷ്ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

## സർക്കുലർ നമ്പർ 31 /2013 – ന്റെ അനുബന്ധം

| | | |
|---|---|---|
| 1. | സംഘത്തിന്റെ പേര്/താലൂക്ക് | : |
| 2. | സംഘം ഏതു ക്ലാസിൽപ്പെടുന്നു | : |
| 3. | സംഘത്തിലെ അംഗീകൃത ജീവനക്കാരുടെ എണ്ണം | : |
| 4. | സംഘത്തിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം | : |
| 5. | അംഗീകൃത ജീവനക്കാരിൽ കൂടുതൽ സംഘത്തിൽ ജോലി ചെയ്യുന്നുണ്ടോ? | : |
| 6. | സംഘത്തിൽ അംഗീകരിച്ച ഫീഡർ കാറ്റഗറി റൂൾസ് നിലവിലുണ്ടോ? | : |
| 7. | ഉണ്ടെങ്കിൽ ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റെ നമ്പരും തീയതിയും | : |
| 8. | സംഘത്തിൽ അനുവദിയ്ക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതെല്ലാം | : |
| 9. | തസ്തികകൾ അനുവദിച്ച ഉത്തരവിന്റെ നമ്പരും തീയതിയും | : |
| 10. | ഉദ്യോഗക്കയറ്റത്തിനായി വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും ഇളവ് അനുവദിക്കേണ്ട ജീവനക്കാരന്റെ പേര് | : |
| 11. | ടി ജീവനക്കാരന്റെ ജനനതീയതിയും വയസ്സും | : |
| 12. | ടി ജീവനക്കാരന്റെ വിദ്യാഭ്യാസ യോഗ്യതകൾ | : |
| 13. | ടിയാൻ ഇപ്പോൾ ജോലി ചെയ്യുന്ന തസ്തിക ഏത്? എന്നുമുതൽ ഈ തസ്തികയിൽ ജോലി ചെയ്തുവരുന്നു. | : |
| 14. | ഈ തസ്തികയിൽ ജോലി ചെയ്യുന്നതിന് ടിയാന് മതിയായ വിദ്യാഭ്യാസ യോഗ്യതയുണ്ടോ? | : |
| 15. | ഇല്ലെങ്കിൽ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് സമ്പാദിച്ചിട്ടുണ്ടോ? | : |
| 16. | വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് സമ്പാദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പരും തീയതിയും<br>(പകർപ്പ് അടക്കം ചെയ്യേണ്ടതാണ്) | : |

| | | |
|---|---|---|
| 17. | വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് സമ്പാദിച്ചിട്ടില്ലെങ്കിൽ ഈ തസ്തികയിൽ എന്തടിസ്ഥാനത്തിലാണ് തുടരുന്നത്? | : |
| 18. | ടിയാന് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകാനുദ്ദേശിക്കുന്ന തസ്തിക | : |
| 19. | ടി തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകൾ | : |
| 20. | ടി ജീവനക്കാരനെ ഏതു വിദ്യാഭ്യാസ യോഗ്യതയിൽ നിന്നാണ് ഒഴിവാക്കേണ്ടത്? | : |
| 21. | സംഘത്തിൽ നിലവിലുള്ള ഫീഡർ കാറ്റഗറി സബ്റൂൾസ് പ്രകാരം ടിയാൻ ഉദ്യോഗക്കയറ്റത്തിന് അർഹനാണോ? | : |
| 22. | ടിയാന് ഈ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനും അതിനായി വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനും സംഘം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടോ | : |
| 23. | സഹകരണ സംഘം ചട്ടം 185 (8) (ഇ) യിൽ പ്രതിപാദിക്കുന്ന ഏതെങ്കിലും ശിക്ഷയ്ക്ക് ടിയാൻ വിധേയനായിട്ടുണ്ടോ? ഉണ്ടെങ്കിൽ അപ്രകാരമുള്ള ശിക്ഷ നൽകി 5 വർഷം കഴിഞ്ഞതിന് ശേഷമാണോ ടിയാന് ബിരുദ വിദ്യാഭ്യാസ ഇളവനുവാദം നൽകുന്നതിനായുള്ള ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളത്? | : |
| 24) | സംഘത്തിൽ ജീവനക്കാരുടെ അംഗീകരിച്ച സീനിയോരിറ്റി ലിസ്റ്റ് പ്രകാരം അപേക്ഷകൻ പ്രൊമോഷന് അർഹനാണോ? | : |
| 25) | സീനിയോരിററി ലിസ്റ്റ് പ്രകാരം അപേക്ഷകന്റെ പേരിന് താഴെയുള്ളവർ പ്രൊമോഷന് നിശ്ചിത യോഗ്യതയുള്ളവരാണോ? (വിദ്യാഭ്യാസ യോഗ്യത കൂടി രേഖപ്പെടുത്തിയ സീനിയോരിറ്റി ലിസ്റ്റ് അടക്കം ചെയ്യേണ്ടതാണ്) | : |

മേൽ കാണിച്ച വിവരങ്ങൾ എല്ലാം പരിശോധിച്ച് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| യൂണിറ്റ് ഇൻസ്പെക്ടർ | അസിസ്റ്റന്റ് രജിസ്ട്രാർ | ജോയിന്റ് രജിസ്ട്രാർ |

അസിസ്റ്റന്റ് രജിസ്ട്രാർ
(പ്ലാനിംഗ്)